# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1124 **04/12/2014** ൽ മറുപടിക്ക്

### ആദിവാസി ഊരുകളിലെ ബദൽ ഏകാധ്യാപക വിദ്യാലയങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.കെ.കെ.ലതിക | | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | ആദിവാസി ഊരുകളിൽ സംസ്ഥാന സർക്കാരിന് കീഴിലുള്ള എത്ര ബദൽ-ഏകാദ്ധ്യാപക വിദ്യാലയങ്ങൾപ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | എ) | സംസ്ഥാനത്തെ വിദ്യാഭ്യാസ പരമായി പിന്നോക്കം നിൽക്കുന്ന മേഖലകളിലായി 321 ബദൽ/ഏകാധ്യാപക വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നു. |
| ബി) | ഇവിടെയെല്ലാമായി ആകെ എത്ര അധ്യാപകർ ജോലി ചെയ്യുന്നു; ഇവരുടെ സേവന വേതന വ്യവസ്ഥകൾ എന്തെല്ലാം; വ്യക്തമാക്കാമോ ; | ബി) | 321 ബദൽ/ഏകാദ്ധ്യാപക വിദ്യാലയങ്ങളിൽ ആകെ 371 വിദ്യാ വോളന്റിയർമാർ 2014-15 അധ്യയന വർഷം ജോലി ചെയ്യുന്നു. ഇവർക്ക് പ്രതിമാസം അയ്യായിരം രൂപ (01/09/2014 മുതൽ) ഓണറേറിയവും അർഹരായ വിദ്യാ വോളന്റിയർമാർക്ക് പ്രതിമാസം 500/- രൂപ ഹിൽ ട്രാക്ക് അലവൻസും പ്രതിവർഷം 20 ദിവസത്തെ ആർജ്ജിതാവധി വിൽപ്പനയും അനുവദിച്ചിട്ടുണ്ട് |
| സി) | ഇവരുടെ വേതനം കൃത്യമായി നൽകുന്നുണ്ടോ; ഇതിൽ കുടിശ്ശികവന്നിട്ടുണ്ടോ; എങ്കിൽ എത്രമാസം കുടിശ്ശികയായിട്ടുണ്ട്; ഇത് എന്ന് നൽകും; വ്യക്തമാക്കാമോ; | സി) | വേതനം കൃത്യമായി നൽകുന്നുണ്ട്. 2015 മാർച്ച് വരെ നൽകേണ്ട ഓണറേറിയവും മറ്റ് അലവൻസുകളും ഇതിനകം തന്നെ എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും അനുവദിച്ചു കൊടുത്തിട്ടുണ്ട്. ആവശ്യകത അനുസരിച്ച് ഈ തുക ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ വഴി സമയ ബന്ധിതമായി വിതരണം ചെയ്യുന്നുണ്ട്. |
| ഡി) | പ്രസ്തുത അധ്യാപകകരുടെ വേതനം സംബന്ധിച്ച് മനുഷ്യാവകാശ കമ്മീഷൻ സർക്കാരിന് നൽകിയ ശുപാർശ എന്തെന്ന് വിശദമാക്കുമോ; ഇത് സർക്കാർ നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നു നടപ്പിലാക്കും; വ്യക്തമാക്കുമോ? | ഡി) | 321 ബദൽ / ഏകാദ്ധ്യാപക വിദ്യാലയങ്ങളിലെ വിദ്യാ വോളന്റിയർമാർക്ക് പ്രതിമാസ വേതനം കുറഞ്ഞത് പതിനായിരം രൂപ ആക്കണം എന്നാണ് മനുഷ്യാവകാശ കമ്മീഷൻ ശുപാർശ ചെയ്തിരുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ മൂവായിരം രൂപയിൽനിന്നും 01/09/2014 മുതൽ അയ്യായിരം രൂപയാക്കി ഓണറേറിയം ഉയർത്തി ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ